മിച്ചഭൂമി വിതരണം

121 (1409)ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1970-ൽ നടപ്പിലാക്കിയ കേരള ഭൂപരിഷ്ക്കരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ എത്ര ഏക്കർ സ്ഥലം മിച്ചഭൂമിയായി പ്രഖ്യാപിച്ചു;

(ബി) അതിൽ എത്ര ഏക്കർ സ്ഥലം പ്രസ്തുത നിയമത്തിന് വിധേയമായി വിതരണം ചെയ്തിട്ടുണ്ട്;

(സി) മിച്ചഭൂമിയുമായി ബന്ധപ്പെട്ട് തീർപ്പാകാതെ കിടക്കുന്ന എത്ര കേസ്സുകൾ കോടതിയിൽ ഉണ്ട്;

(ഡി) മിച്ചഭൂമിയുമായി ബന്ധപ്പെട്ട കേസ്സുകൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ഗവണ്മെന്റ് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) ഏറ്റെടുത്ത മിച്ചഭൂമിയിൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ എത്ര ഏക്കർ സ്ഥലം എത്ര പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ ആളുകൾക്ക് നല്കിയിട്ടുണ്ട്;

(എഫ്) ഏറ്റെടുത്തതിൽ വിതരണം ചെയ്യാത്ത മിച്ചഭൂമി അവശേഷിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 1,39,067 ഏക്കർ മിച്ചഭൂമിയായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) 66005 ഏക്കർ വിതരണം ചെയ്തിട്ടുണ്ട്.

(സി) മിച്ചഭൂമിയുമായി ബന്ധപ്പെട്ട് 1020 കേസ്സുകൾ ഏറ്റെടുക്കൽ ഘട്ടത്തിലും 467 കേസുകൾ വിതരണ ഘട്ടത്തിലുമായി കോടതിയിൽ തീർപ്പാകാതെ കിടക്കുന്നുണ്ട്.

(ഡി) മിച്ചഭൂമിയുമായി ബന്ധപ്പെട്ട കേസ്സുകൾ അടിയന്തിരമായി തീർപ്പ് കല്പിക്കുന്നതിന് ഒരു സീനിയർ ഗവണ്മെന്റ് പ്ലീഡറുടെയും മറ്റൊരു ഗവണ്മെന്റ് പ്ലീഡറുടെയും തസ്തിക സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ പ്രധാനപ്പെട്ട കേസ്സുകളുടെ ലിസ്റ്റ് അഡ്വക്കേറ്റ് ജനറലിന് അയച്ചുകൊടുത്തിട്ടുണ്ട്. കേസ്സുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ വരുമ്പോൾ ആവശ്യമായ എല്ലാ റിക്കാർഡുകളും കൃത്യസമയത്ത് തന്നെ കോടതിയിൽ എത്തിച്ചു വരുന്നുണ്ട്.

(ഇ) ഏറ്റെടുത്ത് വിതരണം ചെയ്ത 66005 ഏക്കർ മിച്ചഭൂമിയിൽ 26017 ഏക്കർ 66681 പട്ടികജാതിക്കാർക്കും 5206 ഏക്കർ 7651 പട്ടികവർഗ്ഗക്കാർക്കുമാണ് നല്കിയിട്ടുള്ളത്.

(എഫ്) ഏറ്റെടുത്തതിൽ വിതരണം ചെയ്യാതെ 500 ഏക്കർ മിച്ചഭൂമി അവശേഷിക്കുന്നുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly